കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്

2016 - 17

# ഓഡിറ്റ് റിപ്പോർട്ട്

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കോഴിക്കോട്

e-mail:.dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1485/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.03.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പേരാമ്പ്ര ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016 - 17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1485/2017 തിയ്യതി:03.08.2017

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016 – 17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016 – 17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.6.2016 മുതൽ 31.5.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജൻ .സി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.06.2017 മുതൽ 17.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഗിരീഷൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ . |
| | ഷാജു തോമസ് ,അസി.ഓഡിറ്റ് ഓഫീസർ. |
| | വി.സുഗുണൻ ,സീനി.ഗ്രേഡ് ഓഡിറ്റർ. |
| | അനിൽ കുമാർ.എം.ഡി,ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | റീന. കെ.എം. | 01.04.16 മുതൽ .31.03.2017 വരെ |
| സെക്രട്ടറി | മനോജ്.ഒ | 01.04.16 മുതൽ .31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ. | ബിന്ദു. | 01.04.16 മുതൽ 02.02.17. വരെ |
| | അഞ്ജന രവീന്ദ്രൻ. | 03.02.17. മുതൽ 31.03.17. വരെ |
| അസി.സെക്രട്ടറി. | പ്രദീപൻ.എൻ<br>അബ്ദുൾ ബഷീർ<br>മനോജ് കുമാർ.കെ.ടി | 01.04.16 മുതൽ 27.07.16. വരെ<br>26.09.16 മുതൽ 05.11.16. വരെ<br>14.11.16 മുതൽ 31.03.17. വരെ |
| വെറ്ററിനറി സർജൻ. | സിനീഷ്.പി<br>സുഹാസ്.കെ. | 01.04.16 മുതൽ 22.09.16. വരെ.<br>23.09.16 മുതൽ 31.03.17 വരെ. |
| മെഡിക്കൽ ഓഫീസർ.(പി.എച്ച്.സി) | വിനോദ് കുമാർ<br>ലതിക.വി.ആർ<br>ആരതി രഞ്ജിത്ത് | 01.04.16 മുതൽ 01.02.17. വരെ.<br>02.02.17 മുതൽ 14.03.17. വരെ.<br>14.03.17 മുതൽ 31.03.17. വരെ. |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | പ്രശോഭ് കുമാർ.<br>സോണി.സി.കെ | 01.04.16 മുതൽ 27.06.16. വരെ<br>27.06.16 മുതൽ 31.03.17. വരെ |
| അസി.എഞ്ചിനീയർ. | സതീഷ് ബാബു.പി.ടി<br>സൗദ.കെ.സി. | 01.04.16 മുതൽ 26.06.16. വരെ.<br>26.06.16 മുതൽ 31.03.17 വരെ. |
| ഐസിഡിഎസ് സൂപ്പർവൈസർ. | സുബൈദ.<br>സന്ധ്യ | 01.04.16 മുതൽ 05.07.16. വരെ<br>06.07.16. മുതൽ 26.10.16. വരെ |

| | | |
|---|---|---|
| | രാധ | 26.10.16. മുതൽ 31.03.17. വരെ |
| വി.ഇ.ഒ | അനീഷ് കുമാർ.ആർ.യു. | 01.04.16 മുതൽ 31.03.2017 വരെ. |
| | പ്രതീഷ്. | 01.04.16 മുതൽ 31.03.2017 വരെ. |
| ഹെഡ് മാസ്റ്റർ. | അബ്ദുൾ ഖാദർ. | 01.04.16 മുതൽ 31.03.2017 വരെ. |
| ഡയറിഫാം ഇൻസ്ട്രക്ടർ. | ലീന.ടി.കെ. | 01.04.16 മുതൽ 31.03.2017 വരെ. |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | ഉള്ളടക്കം |
|---|---|
| ഭാഗം 1 | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക സർട്ടിഫിക്കഷൻ നടത്തിനയതിന്റെ വിവരം |
| 1-4 | സാമ്പത്തിക അവലോകനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | കാഷ് ബാലൻസ് പരിശോധന |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ |
| 2-2 | കളക്ഷൻ രജിസ്റ്റർ പരിശോധന നടത്തുന്നില്ല |
| 2-3 | തൊഴിൽ നികുതി – ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല |
| 2-4 | ലൈബ്രറി സെസ്സ് അടവാക്കുന്നില്ല |
| ഭാഗം 3 | |
| 3-1 | ആദായനികുതി ഈടാക്കിയതിൽ കുറവ് |
| 3-2 | റോഡ് പ്രവൃത്തികൾക്ക് ഭാഗികമായി പ്രൊജക്ട് തയ്യാറാക്കുന്നു. |
| 3-3 | പശ്ചിമഘട്ടവികസന പദ്ധതി – പഞ്ചായത്ത് വിഹിതം നൽകിയതിലെ അപാകത |
| 3-4 | അങ്കണവാടി പോഷകാഹാര വിതരണം – കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ് – വികസനഫണ്ട് വക മാറ്റുന്നു. |

| | |
|---|---|
| 3-5 | കന്നുകുട്ടി പരിപാലന പദ്ധതി – അപാകതകൾ |
| 3-6 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 3-7 | പ്രവൃത്തികളുടെ സേവനനികുതി നൽകിയതിലെ അപാകതകൾ |
| 3-8 | ആദായ നികുതി ഈടാക്കിയതിൽ കുറവ് |
| 3-9 | റോഡ് പ്രവൃത്തികൾക്ക് ഭാഗികമായി പ്രൊജക്ട് തയ്യാറാക്കുന്നു. |
| 3-10 | പശ്ചിമഘട്ടവികസന പദ്ധതി – പഞ്ചായത്ത് വിഹിതം നൽകിയതിലെ അപാകത. |
| 3-11 | വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം – സർക്കാർ ഉത്തരവ് പാലിച്ചില്ല. |
| 3-12 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. |
| 3-13 | സർക്കാർ ഉത്തരവ് ലംഘിച്ച് ലാപ്ടോപ്പ് വിതരണം |
| 3-14 | തെരുവ് വിളക്ക് മാറ്റി സ്ഥാപിച്ചതിലെ<br>അപാകതകൾ |
| 3-15(എ) | ഐ.എ.വൈ.വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |
| 3-15(ബി) | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 3-16 | ജൈവ പച്ചക്കറി കൃഷി – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 3-17 | കുടിവെള്ള വിതരണം – കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. |
| 3-18 | ഹോമിയോ ഡിസ്പെൻസറിക്കാവശ്യമായ മരുന്ന് ലഭ്യമായില്ല |
| 3-19 | ജലസേചന പദ്ധതികൾ – ഭാഗികമായി പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. |
| 3-20 | റോഡ് കോൺക്രീറ്റിംഗിന് അധികച്ചെലവ് |
| 3-21 | ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില – വാറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| ഭാഗം 4 | |
| 4-1 | സംയുക്ത പ്രൊജക്ടുകൾ ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിംഗ് നടത്തിയ തുക |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |

| | |
|---|---|
| 4-4 | വായ്പ/വായ്പാ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 08.03.16 തിയതിയിലെ 157 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 29.05.2017 | -- | -- |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14.06.2017 | ഓഡിറ്റ് റിപ്പോർട്ടിന് അനുബന്ധമായി ചേർത്തു. |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15017491 |
| വരവ് | 124654646 |
| ആകെ | 139672137 |
| ചെലവ് | 119597687 |
| നീക്കിയിരിപ്പ് | 20074450 |

### 1-5 ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14420378 | 14420378 | 14406296 | | 99.9 |
| വികസനഫണ്ട് | 0 | 7499568 | 7499568 | 6895828 | | 91.95 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13446 | 13446 | 13446 | | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5549982 | 5549982 | 2230469 | | 40.19 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3886089 | 3886089 | 1940165 | | 49.93 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8087255 | 8087255 | 8038074 | | 99.39 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4235076 | 4235076 | 2636577 | | 62.26 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 50035933 | 50035933 | 49978878 | 61200 | 100 |
| ബി ഫണ്ട് | 0 | 38306045 | 38306045 | 38306045 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 267 | 233310813 | 136 | 82036931 | 80 | 51 | 50.93 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10538682 | 10946573 | 407891 | 3.9 |
| നികുതിയേതര വരവുകൾ | 6443300 | 8282459 | 1839159 | 28.5 |
| മറ്റുവരവുകൾ | 9441238 | 10382964 | 941726 | 10 |
| ആകെ | 26423220 | 29611996 | 3188776 | 12.1 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 544440 | 335 |
| കർഷകതൊഴിലാളി പെൻഷൻ | 8747950 | 1060 |
| വിധവാപെൻഷൻ | 10364070 | 1196 |
| വാർദ്ധക്യകാലപെൻഷൻ | 15405695 | 1458 |
| വികലാംഗപെൻഷൻ | 2662720 | 329 |
| അവിവാഹിതരായ | 314170 | 34 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.17 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13122 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.2.17 മുതൽ 15.2.17 വരെ | നവം.2016 മുതൽ ജനവരി 2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.2.15 മുതൽ 29.12.15 വരെ | 2010-11 മുതൽ 2014-15 | നം.എൽബിഎ/6/8 എ 2365/8, 28.1.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷ്ക കണക്കുകളിലെ അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിന്റെ ബി11 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. പഞ്ചായത്ത് തയ്യാറാക്കിയ ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിലല്ല.
3. മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വിവിധ ലേലയിനങ്ങളിലായി കുടിശ്ശികയായി ലഭിക്കാനുള്ള 600175/- രൂപ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല
4. വാറ്റ്, ആദായനികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 2-2 കളക്ഷൻ രജിസ്റ്ററുകളിൽ സൂപ്പർവൈസറിതല പരിശോധന നടത്തുന്നില്ല.

ഗ്രാമപഞ്ചായത്തിനു വേണ്ടി വിവിധ വരവിനങ്ങളിലായി ഫ്രണ്ട് ഓഫീസ് വഴി സ്വീകരിക്കുന്ന തുകകളും ഔട്ട് ഡോർ കളക്ഷൻ നടത്തുന്ന തുകകളും അതാത് ദിവസം തന്നെ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയതിന്റെ കൃത്യത സൂപ്പർവൈസറിതല ഉദ്യോഗസ്ഥർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. 01.06.16 മുതൽ 42 രസീതി പുസ്തകങ്ങളിലായി ക്ളർക്കുമാർ പണം പിരിവ് നടത്തിയിട്ടുണ്ട്. എന്നാൽ മേൽ കളക്ഷൻ രജിസ്റ്ററുകളിൽ ഒന്നിലുംതന്നെ സൂപ്പർവൈസറിതല ഉദ്യോഗസ്ഥർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.സൂപ്പർവൈസറിതല ഉദ്യോഗസ്ഥർ ദൈനംദിന പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി-ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.

ഓഡിറ്റ് കാലയളവിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.തൊഴിൽ നികുതി-ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് കെട്ടിട നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ റൂമുകൾ കൈവശം വച്ചിരിക്കുന്നവരുടെ വിവരങ്ങൾ സംബന്ധിച്ചുള്ള നോട്ടീസ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. 2016-17 വർഷത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിട ഉടമകളിൽ നിന്നും വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി ചട്ടപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

2. ഗ്രാമ പഞ്ചായത്തിലെ നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ ഒരു അസസ്മെന്റ് രജിസ്റ്റർ 1996ലെ കേരള പഞ്ചായത്തിരാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ - 5 ലെ മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ രജിസ്റ്റർ തയ്യാറാക്കുകയോ ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.
3. ഗ്രാമപഞ്ചായത്തിലെ നികുതി ചുമത്താവുന്ന ക്ഷീരസംഘങ്ങൾ,കള്ള് ഷാപ്പുകൾ, റേഷൻകടകൾ,കരാറുകാർ എന്നിവരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം സമർപ്പിക്കേണ്ടതാണ്

## 2-4 ലൈബ്രറിസെസ് - ലൈബ്രറി കൗൺസിലിന് അടവാക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം. ആദ്യഗഡു എപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. എന്നാൽ 2014-15 സാമ്പത്തിക വർഷം മുതൽ ലൈബ്രറി സെസ് അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2014-15 | 309706 |
| 2015-16 | 307819 |
| 2016-17 | 363160 |
| ആകെ | 980685 |

സർക്കാർ ഉത്തരവ് 10088/എൽ3/05/തസ്വഭവ, 20.09.2005 പ്രകാരം തുക അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുമെന്നിരിക്കെ തുക അടവാക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിച്ചെലവ് കുറഞ്ഞു

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 267 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 35% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 15.12കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 15244803 | 14406296 | 94.49 |

| | | | | |
|---|---|---|---|---|
| 2 | പ്ലാൻ ഫണ്ട് SCP | 9247555 | 7085828 | 76.62 |
| 3 | പ്ലാൻ ഫണ്ട് TSP | 13446 | 13446 | 100 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9233168 | 8087255 | 87.58 |
| 5 | ലോകബാങ്ക് ധനസഹായം | 4235076 | 2636577 | 62.25 |
| 6 | കേന്ദ്ര ധനസഹായം | 7217360 | 3028749 | 42 |
| 7 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 5634425 | 10000 | 0.17 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 5333162 | 1940165 | 36.37 |
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 6926105 | 3121632 | 45.07 |
| 10 | തനത് ഫണ്ട് | 40517414 | 23205138 | 57.27 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 6100000 | 0 | 0 |
| 12 | മറ്റുള്ളവ | 121858299 | 17251845 | 14.15 |
| ആകെ | | 233310813 | 82036931 | 35.16 |

പ്ലാൻ ഫണ്ടിൽ നിന്നും(ജനറൽ&ടി.എസ് പി) ചെലവുവന്നെങ്കിലും .മെയിന്റനൻസ് ഗ്രാന്റ് റോഡ്,റോഡിതര ഫണ്ടുകളുടെ കാര്യത്തിൽ ചെലവ് വളരെ കുറവാണെന്നു കാണാം(യഥാക്രമം45,36% മാത്രം) ക്രമനം 11 ന്റെ കാര്യത്തിൽ തുകയൊന്നും വിനിയോഗിക്കാത്തതും 6,7,12 എന്നിവയുടെ കാര്യത്തിൽ ചെലവ് വളരെ കുറഞ്ഞതും ശ്രദ്ധേയമാണ്.

ക്രമനം 1മുതൽ 5വരെയുള്ളവയുടെയും ക്രമനം8,9 എന്നിവയുടേയും കാര്യത്തിൽ തുക കിടക്കുന്നത് കൺസോളിഡോറ്റഡ് ഫണ്ടിലായതിനാൽ നീക്കിയിരിപ്പുതുക 16-17 വർഷാവസാനം ലാപ്സായിരിക്കുകയാണ്. മേൽ കണക്കുകൾ പ്രകാരം 1.29 കോടി രൂപയോളം ഇപ്രകാരം ഉപയോഗിച്ചിട്ടില്ല. അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | നടത്തിയ/ വകയിരുത്തിയ തുക(ലക്ഷത്തിൽ) | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | അസി.എക്സി.എഞ്ചിനീയർ | 180 | 98 | 1654 | 511.31- | 31 |

| | | | | | | |
|---|---|---|---|---|---|---|
| 2 | വി.ഇ.ഒ | 17 | 12 | 327.96 | 111 | 33.84 |
| 3 | സെക്രട്ടറി | 26 | 13 | 117.8 | 59.13 | 50.19 |
| 4 | അസി.സെക്രട്ടറി | 9 | 7 | 91.38 | 23.98 | 26.24 |
| 5 | വെറ്ററിനറി സർജൻ | 4 | 3 | 20.07 | 4 | 20 |

180 പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ പ്രൊജക്ടുകളുടെ 67% വും ആകെ വകയിരുത്തിയ തുകയുടെ 71% വും പൊതുമരാമത്ത്, കുടിവെള്ളം(മറ്റ് മേഖലകളിലെ നിർമ്മാണ പ്രവൃത്തികൾക്കൊപ്പം) എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എഞ്ചിനീയറെയാണ് ചുമതലയേല്പിച്ചിരിക്കുന്നത്. ഇതിൽ 98പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്. തൻവർഷം കൺസോളിഡേറ്റഡ് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ച തുകയിൽ 1.16 കോടി രൂപയും നടപ്പിലാക്കാൻ കഴിയാതെവന്ന പ്രൊജക്ടുകൾ ഉൾപ്പടെയുള്ളവയ്ക്ക് അസി.എഞ്ചിനീയർ വകയിരുത്തിയ തുകയാണെന്ന് കാണാം.

അസി.എഞ്ചിനീയറെ കൂടാതെ അസി.സെക്രട്ടറി, സെക്രട്ടറി, വിഇഒ, വെറ്റിനററി സർജൻ എന്നിവരും ഫണ്ട് നഷ്ടപ്പെട്ടതിൽ ഉത്തരവാദികളാണ്. ഗ്രാമപഞ്ചായത്തിന്റെ പുരോഗതിയ്ക്ക് സമയബന്ധിതമായി, തുക വിനിയോഗിക്കാത്തതിനും, ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി വികസനപ്രവർത്തനങ്ങൾ നടത്താത്തത് ശരിയായ മാർഗ്ഗമല്ല. ഫണ്ട് യഥാസമയങ്ങളിൽ ചെലവഴിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994) സെക്ഷൻ 218 പ്രകാരം , ടി സെക്ഷനിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പംഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകകളും, തോടുകളും, തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകകളും, സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിരക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതിമുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്.കുറ്റ്യാടിപ്പുഴ കടന്നുപോകുന്ന ഗ്രാമപഞ്ചായത്തിൽ മേൽ വകുപ്പുപ്രകാരം നിക്ഷിപ്തമായ നദികളും വെള്ളക്കെട്ടുകളും തീരങ്ങളുമുണ്ടെന്നിരിക്കെ ,ഇവ സംബന്ധിച്ച യാതൊരു രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.മേൽ സെക്ഷന്റെ ഉപവകുപ്പ് (4) പ്രകാരം ഇതിലേക്കായി നഗരസഭ നല്കിയിട്ടുള്ള ഒരു പെർമിറ്റ് പ്രകാരവും അതിലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും അല്ലാതെ സ്വയം ഏതെങ്കിലും വസ്തുക്കളോ സ്ഥലമോ നീക്കം ചെയ്യുകയോ തനിക്കായി കൈവശപ്പെടുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ് .മേൽ വകുപ്പ പ്രകാരംഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി പഞ്ചായത്തിന്റെ വീഴ്ച മൂലം അന്യാധീനപ്പെടാൻ സാധ്യതയുള്ളതിനാൽ ഉപവകുപ്പ് (4) പ്രകാരമുള്ള നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ് .പുഴപുറമ്പോക്ക് സംരക്ഷണത്തിന്റെ കാര്യത്തിൽ വീഴ്ച വരുത്തിയതിന് വിശദീകരണം നല്കേണ്ടതും, പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച് ,സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-3 മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം പുതിയ റോഡിന്റെ നിർമ്മാണത്തിന്

വിനിയോഗിച്ചു

നിർവ്വഹണം : അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ കാര്യത്തിൽ പുതിയ റോഡുകളുടെ നിർമ്മിതിയ്ക്ക് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതമാണ് വിനിയോഗിച്ചത്. 9.12.2004 ലെ എം.എസ് 330/2004/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പൊതു ആവശ്യ ഗ്രാന്റും സംരക്ഷണ ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 4.6 പ്രകാരം മേൽ ഫണ്ട് പുതിയ റോഡുകളുടെ നിർമ്മാണത്തിന് വിനിയോഗിക്കാൻ പാടുള്ളതല്ല.കുഴികൾ നികത്തുക ,ഉപരിതലം നിരപ്പാക്കുക,ഓടകൾ നിർമ്മിക്കുക ,വശങ്ങളിൽ ഭിത്തി കെട്ടി ശക്തിപ്പെടുത്തുക മുതലായ ആവശ്യങ്ങൾക്കുമാത്രമേ മേൽ വിഹിതം വിനയോഗിക്കാവൂ എന്നും ഖണ്ഡികയിൽ വ്യക്തമാക്കുന്നുണ്ട്.നിർദ്ദേശത്തിന് വിരുദ്ധമായി തുക വിനിയോഗിച്ചതു വഴി ഫണ്ടിന്റെ വകമാറ്റലാണ് നടന്നിരിക്കുന്നത്. ഇത് നിയമസഭ പാസാക്കിയ അപ്രോപ്രിയേഷൻ ആക്ടിന്റെ ലംഘനമാണ് .ഫണ്ട് വകമാറ്റി നിയമലംഘനം നടത്തിയതിന് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തി | ആകെ മൂല്യം | അവസാനബിൽ തുക |
|---|---|---|---|
| 1 | 150/17നെല്ല്യാടിക്കുന്ന് മാമ്പറക്കുന്ന് ജൂബിലി റോഡ് | 300000/- | 300000/- ബിൽ നം. 28/248 തീ. 30.3.17 |
| 2 | 181/17 അടിയോടി ചാത്തോത്ത് കോറോത്ത് താഴ റോഡ് | 100000/- | 100000/- ബിൽ നം. 34/254 തീ. 30.3.17 |
| 3 | 11/17 പെരുമ്പൊയിൽ മുക്ക് തൊട്ടുവയൽ മുക്ക് റോഡ് | 200000/- | 200000/- ബിൽ നം. 16065200250110 തീ. 26.8.16( സെക്രട്ടറി) |

## 3-4 അംഗൻവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ്-വികസനഫണ്ട് വകമാറ്റപ്പെടുന്നു

അങ്കണവാടികളിലെ പോഷകാഹാര വിതരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളായി ചെലവഴിക്കുന്ന തുകയുടെ 76 ശതമാനവും വിനിയോഗിച്ചിരിക്കുന്നത് സ്ഥാപനത്തിന് ലഭ്യമായ വികസനഫണ്ടിൽ നിന്നാണെന്ന് കണക്കുകൾ കാണിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി പോഷകാഹാരവിതരണത്തിനായി വിനിയോഗിച്ച തുകയുടെയും കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പോഷകാഹാര വിതരണ ത്തിനായി ആകെ വിനിയോഗിച്ച തുക | കേന്ദ്രവിഹിതമായി ലഭിച്ച തുക | കേന്ദ്രവിഹിത ത്തിൽ നിന്നും വിനിയോഗിച്ച തുക | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 2012-13 | 1587380 | 391823 | 287383 | 1299997 | --- | 81.9 |
| 2013-14 | 2008954 | 480039 | 408954 | 1600000 | --- | 79.64 |
| 2014-15 | 2127202 | 210376 | 427202 | 1700000 | --- | 79.91 |
| 2015-16 | 2307506 | 664329 | 527610 | 1700000 | 79896 | 73.67 |
| 2016-17 | 2224349 | 538345 | 780960 | 1443389 | --- | 64.89 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 10255391 | 2284912 | 2432109 | 7743386 | 79896 | 75.5 |

പോഷകാഹാര പരിപാടിയുടെ ആകെ ചെലവിന്റെ 50% കേന്ദ്ര ധനസഹായമായി ലഭിക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ 5 വർഷങ്ങളായി ആകെ ചെലവഴിച്ച തുകയുടെ 22.28% തുക മാത്രമാണ് മേൽ ഇനത്തിൽ ലഭിച്ചിരിക്കുന്നത്. ഇതുമൂലം ആകെ ചെലവ് തുകയുടെ 50% മായ 51.27 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും വിനയോഗിക്കേണ്ടിടത്ത്, 77.43 ലക്ഷം രൂപ വിനിയോഗിക്കേണ്ടി വന്നു. മറ്റ് മേഖലകളിൽ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട 26.16 ലക്ഷം രൂപ ഇതുമൂലം വകമാറ്റപ്പെട്ടു. പോഷകാഹാര പരിപാടിയ്ക്ക് ചെലവായ തുകയക്ക് ആനുപാതികമായ തുക കേന്ദ്രധനസഹായമായി ലഭിക്കുന്നതിന് ശ്രമിക്കാത്തത് വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി-അപാകതകൾ

നിർവ്വഹണം - വെറ്ററിനറി സർജൻ

ബിൽ നമ്പർ - 1/16-17,27.3.17 തുക - 206250

4/16-17, 30.3.17 തുക - 12500

ഗ്രാമപഞ്ചായത്തിലെ 35 ഗുണഭോക്താക്കൽക്ക് കന്നുകുട്ടികളെ വളർത്തുന്നതിന് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി ചെയ്യുന്ന സംയുക്ത പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായ 218750 രൂപ അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് കൈമാറിയെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. അതുപോലെ തന്നെ കാലിതീററ വിതരണം ചെയ്യുന്നതിന് എരവട്ടൂർ ക്ഷീരസംഘവും എടവരാട് ക്ഷീരസംഘവും സന്നദ്ധത അറിയിച്ചിട്ടുണ്ടെങ്കിലും തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസംഘം ഏതെന്നോ കാലിതീറ്റ വിതരണം ചെയ്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ വ്യക്തമല്ല. അപാകതകൾക്ക് വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 204/17

നിർവ്വഹണം - അസി.സെക്രട്ടറി

ബിൽ നമ്പർ - 7/16-17,28.3.17 തുക - 250000

10/16-17,30.3.17 തുക – 150000

2016-17 വർഷം അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം 6 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ ശ്രീലാൽ.പിസി,അശ്വതി.കെടി എന്നിവർക്ക് 100000രൂപ വീതവും അഭിഷേക്.എം.കെ, അനഘ.കെ.വി, അനന്യ.പി.ടി, രാജൻ എടാണ്ടിമീത്തൽ എന്നിവർക്ക് 50000 രൂപ വീതവുമാണ് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിരിക്കുന്നത്. പദ്ധതി നടപ്പിലാക്കിയപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.2.2016 ലെ ജി.ഒ (ആർടി) 626/16 പ്രകാരമുള്ള ഉത്തരവിലെ താഴെ ചേർക്കുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1. വിദ്യാർത്ഥിയുടെ രക്ഷിതാവായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത് എന്നാണ് വ്യവസ്ഥയെങ്കിലും ചില കേസുകളിൽ ഇത് പാലിച്ചിട്ടില്ല.

2.നിലവിൽ വാസയോഗ്യമായ800ചതുരശ്രഅടിയിൽ താഴെ വിസ്തീർണമുള്ള വർക്കാണ് അർഹതയെന്ന് പറയുന്നുണ്ടെങ്കിലും നിലവിലുള്ള വീടിന്റെ വിസ്തീർണം സംബന്ധിച്ച സാക്ഷ്യപത്രമില്ല.

3.എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എൻജിനീയർ അളവെടുക്കണമെന്നും അളവ് അടിസ്ഥാനമാക്കി പരമാവധി ഒരു ലക്ഷം രൂപവരെ അനുവദിക്കാമെന്നാണ് വ്യവസ്ഥയെങ്കിലും ഇത് പാലിച്ചിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുകയോ എൻജിനീയർ അളവെടുക്കുകയോ ചെയ്യാതെ പഠനമുറി പൂർത്തിയാക്കി ഏകദേശം ഒരു ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട് എന്നുള്ള ഓവർസിയറുടെ ഒറ്റ വരിയിലുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചിലവു തുക 4,00,000/- തടസ്സപ്പെടുത്തുന്നു.

## 3-7 പ്രവൃത്തികളുടെ സേവന നികുതി നല്കിയത്- കൈപ്പറ്റിയ കരാറുകാർക്ക് രജിസ്ട്രേഷൻ ഉണ്ടോയെന്ന് ഉറപ്പാക്കിയിട്ടില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ ബിൽ തുകയിൽ ഉൾപ്പെടുത്തി സേവന നികുതി കരാറുകാർക്ക് നല്കിയിട്ടുണ്ട്. എന്നാൽ മേൽ കരാറുകാർക്ക് സേവനനികുതി രജിസ്ട്രേഷൻ ഉണ്ടോയെന്ന് ഉറപ്പുവരുത്താതെയാണ് ഇപ്രകാരം തുക നല്കിയിരിക്കുന്നത്. സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പ് ,രജിസ്ട്രേഷൻ ഉള്ള കരാറുകാർ ഈടാക്കിയ നികുതി ഒടുക്കിയോ എന്നു മാത്രമാണ് പരിശോധനാ വിധേയമാക്കുന്നത് എന്നതിനാലും , രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് നികുതി ഒടുക്കാൻ കഴിയില്ല എന്നതിനാലും രജിസ്ട്രേഷൻ ഉണ്ടോയെന്ന് ഉറപ്പുവരുത്താതെ തുക അനുവദിച്ചത് ശരിയല്ല. തുക കൈപ്പറ്റിയവർക്ക് രജിസ്ട്രേഷൻ ഉണ്ടോയെന്നും ,ഇവർ കൈപ്പറ്റിയ തുക ഒടുക്കിയോയെന്നും ഉറപ്പുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | നല്കിയ തുക |
|---|---|---|---|
| 1 | 270/17 ശിശു മന്ദിരം റിപ്പയർ | എം.എം ബാലകൃഷ്ണൻ | 15055/- (ബിൽ നം 32/252 തീ. 30.3.17-176600/-) |
| 2 | 289/17-കാർഷിക വിപണന കേന്ദ്രം കെട്ടിട നിർമ്മാണം-സർവ്വീസ് ചാർജ്ജ് അടവാക്കൽ | അഖിൽ പി.വി | 2575495/-ചെ.നം.65671/16.12.16 |
| 3 | 48/17സ്വരാജ് ഭവൻ നിർമ്മാണം | ഡിസൈനെ സ്ട്രക്ച്ചറൽസ് | 248600/-(ആകെ നല്കിയ ബിൽതുക)ചെ നം.1278708/27.2.17 |

## 3-8 ആദായ നികുതി ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : അസി.എഞ്ചിനീയർ

വർഷത്തിൽ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹണം നടത്തിയത് ഗുണഭോക്തൃ സമിതികളാണ്. പ്രവൃത്തികളുടെ ബിൽ തുക നല്കിയപ്പോൾ , ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം വ്യക്തികളല്ലാത്ത കരാറുകാരിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 2% നിരക്കിൽ ഈടാക്കേണ്ട ആദായനികുതി ഈടാക്കാതെയാണ് തുക നല്കിയത്. മാത്രവുമല്ല പാൻകാർഡ് ഇല്ലാത്തവരിൽ നിന്നും 20% നിരക്കിലും നികുതി കുറവ് ചെയ്യേണ്ടതാണ്.

| ക്രമനം | പ്രൊജക്ടുകൾ- | ചെലവുതുക |
|---|---|---|
| 1 | 14/17 | 200000 |
| 2 | 99/17 | 117674 |
| 3 | 11/17 | 200000 |
| 4 | 23/17 | 399607 |
| 5 | 19/17 | 448440 |
| 6 | 34/17 | 475000 |

| | | |
|---|---|---|
| 7 | 30/17 | 100000 |
| 8 | 46/17 | 472373 |
| 9 | 87/17 | 150000 |
| 10 | 15/17 | 100000 |
| 11 | 14/17 | 198983 |
| 12 | 24/17 | 300000 |
| 13 | 81/17 | 145200 |
| 14 | 49/17 | 424670 |
| 15 | 212/17 | 35443 |
| 16 | 92/17 | 149567 |
| 17 | 16/17 | 100000 |
| 18 | 100/17 | 100000 |
| 19 | 28/17 | 100000 |
| 20 | 29/17 | 300000 |
| 21 | 53/17 | 64742 |
| 22 | 27/17 | 100000 |

നികുതി ഈടാക്കാത്തതിനാൽ സർക്കാരിനു നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ നഷ്ടം കണക്കാക്കി ഈടാക്കേണ്ടതും തുക ബന്ധപ്പെട്ട വകുപ്പിലൊടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

കൂടാതെ അപാകതയ്ക്ക് വിശദീകരണവും നല്കേണ്ടതാണ്.

## 3-9 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 11,14,15,28,35,50,142,170,177,179,180184,282എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു.മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും, ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-10 പശ്ചിമഘട്ട വികസന പദ്ധതി - പഞ്ചായത്ത് വിഹിതം നൽകിയതിലെ അപാകതകൾ

പ്രൊജക്ട് നം.- 285/17

നിർവ്വഹണം - കൃഷി ഓഫീസർ

ബിൽ നം. 6/16-17,22.3.17 തുക – 386578/

പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി 2012-13ൽ ആരംഭിച്ച പേരാമ്പ്ര പഞ്ചായത്തിലെ 1,2,18,19 വാർഡുകളിലെ ചില പ്രദേശങ്ങളും ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ 2,3,4,5 വാർഡുകളിലെ ചില പ്രദേശങ്ങളും ഉൾപ്പെടുന്ന എളമ്പിലത്ത് മൂഴിത്തോട് നീർത്തട വികസന പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 578678 രൂപയിൽ മുൻപ് അനുവദിച്ച 192100/ രൂപ കിഴിച്ചുള്ള ബാക്കിതുക 386578 രൂപ അടിയന്തിരമായി കൃഷി ഓഫീസർക്ക് കൈമാറാനും ചെലവഴിക്കൻ ബാക്കിയുള്ള തുക നിർവഹണോദ്യാഗസ്ഥനോട് തിരിച്ചടക്കാനും നിർദ്ദേശിച്ചുകൊണ്ട് ജില്ലാ പ്ലാനിംഗ് ഓഫീസർ 3.1.2017ൽ 2015/11/780/ADPO/DPL നം കത്ത് മുഖേന നിർദ്ദേശിച്ചതു പ്രകാരം അനുവദിച്ച തുക 22.3.17 ൽ ട്രഷറിയിൽനിന്നും പിൻവലിച്ച് കോഴിക്കോട് ജില്ലാസഹകരണ ബാങ്കിന്റെ പേരാമ്പ്ര ശാഖയിൽ നീർത്തട വികസന പദ്ധതി ചെയർമാനും കൺവീനറുടെയും പേരിലുള്ള അക്കൗണ്ട് നമ്പർ 100131201000187 ൽ നിക്ഷേപിച്ചു.ഈ തുക ഉൾപ്പെടെ ബാക്കിയുണ്ടായിരുന്ന മുഴുവൻ തുകയും തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ നിന്നും പിൻവലിക്കുകയും ചെയ്തു. ബാങ്കിൽ നിന്നും പിൻവലിച്ച തുക എന്തു ചെയ്തു എന്ന് വ്യക്തമല്ല.

ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന രേഖകളിൽ 25.6.15 ൽ 50000 രൂപയുടെയും 25.8.15 ൽ 200000 രൂപയുടെയും തെങ്ങ്, പ്ലാവ്,മാവ്,സപ്പോട്ട, ജാതി, ഗ്രാമ്പു തുടങ്ങിയ ഫലവൃക്ഷ തൈകൾ വയനാട്ടിലെ ആനപ്പാറയിലുള്ള തറപ്പേൽ നഴ്സറിയിൽ നിന്നും വാങ്ങിയതിന്റെ ബില്ലുകളും 30.9.16 ൽ 1100 കോഴിക്കുഞ്ഞുങ്ങളെ 90 രൂപ നിരക്കിൽ മീനങ്ങാടിയിലുള്ള പ്രിയദർശിനി എഗ്ഗർ നഴ്സറിയിൽ നിന്നും വാങ്ങിയതിന്റെ ബില്ലുകളുമാണ് സമർപ്പിച്ചിരിക്കുന്നത്. മേൽ പറഞ്ഞവ ആർക്കെല്ലാം വിതരണം ചെയ്തുവെന്ന് വ്യക്തമല്ല. 2015-16 ൽ മേൽ പ്രകാരം വാങ്ങിയ ബില്ലുകൾക്ക് 22.03.2017 ന് ആണ് പണം നൽകിയത്. എന്തടിസ്ഥാനത്തിലാണ് ഇത്രയും വൈകി തുക നൽകാനുണ്ടായ കാരണം എന്നും വ്യക്തമാക്കേണ്ടതാണ്.

ബാങ്കിൽ നിന്നും പിൻവലിച്ച തുക എന്തു ചെയ്തുവെന്നും ഫലവൃക്ഷ തൈകളും കോഴിക്കുഞ്ഞുങ്ങളെയും ആർക്കെല്ലാമാണ് വിതരണം ചെയ്തത് എന്നും വിശദീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - പ്രോജക്ട് നിർവഹണത്തിൽ സർക്കാർ ഉത്തരവ് പാലിച്ചില്ല.

പ്രോജക്ട് നം.231/17 പത്താം ക്ലാസ് പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ

ബിൽ നം. 7/16-17 1,33,150 29.3.17

ബിൽ നം. 9/16-17 27,600 31.3.17

നിർവഹണം. ഹെഡ്മാസ്റ്റർ

മേൽ പ്രോജക്ട് പ്രകാരം നിർവഹണോദ്യോഗസ്ഥൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 1,60,750 രൂപ ചെലവഴിച്ച് (ഇൻവോയ്സ്. നം. 458/28.3.15, 410/22.3.17) “hero” കമ്പനിയുടെ 35 സൈക്കിൾ വാങ്ങി വിതരണം ചെയ്തു.

സ.ഉ(എം.എസ്) 3299/2016 ത.സ്വ.ഭ.വ 2.12.16 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധ സർക്കാർ/ഗവ.അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്ന് വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമിക്കുന്നവ മാത്രമായിരിക്കേണ്ടതാണ്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി നിർവഹണോദ്യോഗസ്ഥൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (KSIE) എന്ന സ്ഥാപനത്തിൽ നിന്നും, സ്ഥാപനം നിർമിക്കാത്തതും “hero” കമ്പനി നിർമിച്ചതുമായ 35 സൈക്കിൾ ടെണ്ടർ നടപടി സ്വീകരിക്കാതെ നേരിട്ട് വാങ്ങി.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-12 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

പ്രോജക്ട് നം. - 230/17 മെറിറ്റോറിയസ് സ്കോളർഷിപ്പ്.

ബിൽ നം. – 8/ 16-17 തുക. 4,50,000 തി. 31.3.17

നിർവഹണം. – ഹെഡ്മാസ്റ്റർ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ് നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ഇതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18 ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്. സെക്രട്ടറി നൽകിയ ലിസ്റ്റിൽ ഉൾപ്പെടാത്ത 6 ഗുണഭോക്താക്കൾക്ക് 25,000 രൂപ വീതം നിർവഹണോദ്യോഗസ്ഥൻ നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ. നം | പേര് | വാർഡ് |
|---|---|---|
| 1 | അജിസ്സബാബു.കെ. പുതിയോട്ടിൽതാഴെകുനി, പേരാമ്പ്ര. പി.ഒ | 5 |
| 2 | ആദർശ്.എം.എസ്,ചേർമലയിൽ, കിഴിഞ്ഞാണ്യം. | 16 |
| 3 | അനുശ്രീ.പി.എസ്,വലിയവീട്ടിൽ, കണ്ണിപ്പൊയിൽ, പേരാമ്പ്ര | - |
| 4 | അഖിൽശശികുമാർ.എസ്.ആർ, പടിഞ്ഞാറെചാലിൽ, പേരാമ്പ്ര | 7 |
| 5 | അശ്വതി. എൻ.ബി, കൊമ്മിണിയോട്ട് കണ്ടി മീത്തൽ, ഉണ്ണിക്കുന്ന്, പേരാമ്പ്ര | 11 |
| 6 | അനഘദാസ്.കരുവഞ്ചേരിമീത്തൽ, മേഞ്ഞാണ്യം, പേരാമ്പ്ര | 11 |

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 3 എ (സി) വകുപ്പ് പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ ചുമതലയാണ്. കൂടാതെ സ.ഉ (എം.എസ്) 4/16 ത.സ്വ.ഭ.വ 11.1.16 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2016-17 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 15 ഖ- 6.8 (2) പ്രകാരം ധനസഹായം നൽകുന്നതിനു മുമ്പ് അയൽസഭയും ഗ്രാമസഭയും അംഗീകരിക്കണം. അതിനാൽ ഈ ആവശ്യത്തിനുള്ള അപേക്ഷകൾ നേരത്തേ വാങ്ങിച്ച് അത്തരം നടപടികൾ മുൻകൂറായി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ധനസഹായം നൽകിയ 18 ഗുണഭോക്താക്കളിൽ 12 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടെങ്കിലും 6 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

2. സ.ഉ(എം.എസ്) 4/2016ത.സ്വ.ഭ.വ11.1.16ഖ-7.18എ (x)പ്രകാരം ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റ് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല. അങ്ങനെ ചെയ്യാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പാടില്ല. അങ്ങനെ ചെയ്താൽ അതിന്റെ ബാധ്യത തുക നൽകിയ ഉദ്യോഗസ്ഥനായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുകയിൽ 6 പേർക്ക് നൽകിയ 1,50,000 രൂപ തടസ്സത്തിൽ വെക്കുന്നു

## **3-13** ലാപ്ടോപ്പ് വിതരണം - പ്രോജക്ട് നിർവഹണത്തിൽ സർക്കാർ ഉത്തരവ് പാലിച്ചില്ല.

പ്രോജക്ട് നം.- 234/17 പട്ടികജാതിക്കാരായ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ

ബിൽ നം. – 5/16-17, രൂ. 4,34,850 തിയ്യതി -29.3.17

നിർവഹണം - ഹെഡ്മാസ്റ്റർ

അടങ്കൽ – 4,50,000, എസ്.സി.പി.

മേൽ പ്രോജക്ട് പ്രകാരം നിർവഹണോദ്യോഗസ്ഥൻ കെൽട്രോണിൽ നിന്നും (ഇൻവോയ്സ്. KSEDC/CLT /PRO/16-17/974) 4,34,850 രൂപ ചെലവഴിച്ച് 15 ലാപ്ടോപ്പ് (acer)വാങ്ങി വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട് നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ലാപ്ടോപ്പ് നൽകിയത്.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ(എം.എസ്) 3299/2016 ത.സ്വ.ഭ.വ 2.12.16 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധ സർക്കാർ/ഗവ.അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്ന് വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമിക്കുന്നവ മാത്രമായിരിക്കേണ്ടതാണ്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ, കെൽട്രോൺ നിർമിക്കാത്തതും "acer"കമ്പനി നിർമിച്ചതുമായ 15 ലാപ്ടോപ്പ് ടെണ്ടർ നടപടി സ്വീകരിക്കാതെ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങി. .

2. കെൽടാണിൽ നിന്നും വാങ്ങി വിതരണം ചെയ്ത 15 ലാപ്ടോപ്പുകളിൽ ഒന്ന് നൽകിയ വാർഡ് 2 ൽ പ്പെട്ട ശ്രീ. അരുൺ. എ.ആർ, കഴിപ്പുറമ്പിൽ, എന്നയാളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. സ.ഉ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.16 ഖ-6.8 (6) പ്രകാരം ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിരിക്കണം.

3. സ.ഉ(എം.എസ്) 4/2016ത.സ്വ.ഭ.വ11.1.16ഖ-7.18എ (x)പ്രകാരം ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റ് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല. അങ്ങനെ ചെയ്യാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പാടില്ല. അങ്ങനെ ചെയ്താൽ അതിന്റെ ബാധ്യത തുക നൽകിയ ഉദ്യോഗസ്ഥനായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു

## 3-14 തെരുവു വിളക്ക് മാറ്റി സ്ഥാപിച്ചതിലെ അപാകതകൾ

പ്രോജക്ട് നം.- 134/17 തെരുവു വിളക്കുകളുടെ പരിപാലനം

ചെക്ക് നം.- 236434/31.3.17, തനത് ഫണ്ട് – 2,00,000/-

നിർവഹണം- സെക്രട്ടറി, അടങ്കൽ - 2,00,000/-

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ കേടുവരുന്ന മുറക്ക് റിപ്പയർ ചെയ്യുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടിയുമാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. ഇതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. ബിജു. സ്റ്റാർ ഇലക്ട്രിക്കൽസ്, കൽപ്പത്തൂർ എന്നയാളുടെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി ( PR. 57/16 തി . 6.8.16) അംഗീകരിച്ചു. കരാറുകാരന്റെ 23.12.16 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 303 ലൈറ്റുകൾ റിപ്പയർ ചെയ്തതിന് 2,89,050 രൂപ നൽകുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ കത്തിന്റെ അടിസ്ഥാനത്തിൽ 2,00,000 രൂപ നൽകി.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ആദായനികുതി നിയമം 194 (സി) വകുപ്പ് പ്രകാരം കരാറുകാരനിൽ നിന്നും 1% ആദായനികുതി (പാൻകാർഡ് ഇല്ലെങ്കിൽ 20%) ഈടാക്കേണ്ടതാണ്. എന്നാൽ ആദായ നികുതി കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിലെ കേടുവന്ന സ്ട്രീറ്റ് ലൈറ്റുകൾക്ക് പകരമായി ട്യൂബ് ലൈറ്റ്, സി.എഫ്.എൽ എന്നിവയാണ് സ്ഥാപിച്ചിരിക്കുന്നത്. സ.ഉ (എം.എസ്) 4/16പ്രകാരം എൽ.ഇ.ഡി ബൾബുകൾക്ക് മുൻഗണന കൊടുക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഈ നിർദ്ദേശം ഗ്രാമപഞ്ചായത്ത് കരാർ നൽകുന്ന സമയത്ത് പരിഗണിച്ചില്ല.

3. ഗ്രാമ പഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈറ്റ് റജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 319 തെരുവു വിളക്കുകളാണുള്ളത്. എന്നാൽ 2016-17 ൽ മാത്രം 303 എണ്ണം മാറ്റുകയോ റിപ്പയർ ചെയ്യുകയോ ചെയ്തിട്ടുണ്ട്. റിപ്പയർ ചെയ്യുകയോ മാറ്റുകയോ ചെയ്ത തെരുവു വിളക്കുകൾ ഏതു വർഷത്തിൽ സ്ഥാപിച്ചവയാണെന്നും ആയവയുടെ ഗ്യാരണ്ടി കാലാവധി സംബന്ധിച്ചും പരിശോധിച്ച് അറിയിക്കേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെക്കുന്നു

## 3-15 (എ). ഐഎവൈ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ. 131/17

നിർവ്വഹണം - അസി.സെക്രട്ടറി

ബിൽ നം - 3/16-17, 9.3.17 തുക - 560000

സംയുക്ത പദ്ധതിയായ ഐഎവൈ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് വിഹിതമായ 560000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് പേരാമ്പ്ര ബ്ലോക്ക് സെക്രട്ടറിയുടെ പേരിൽ പേരാമ്പ്ര സബ്ട്രഷറിയിലുള്ള അക്കൗണ്ട് നമ്പർ 799011400000879 ൽ നിക്ഷേപിച്ചുവെങ്കിലും തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## (ബി) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നം. 227/17 എസ്.എസ്.എ വിഹിതം നൽകൽ

ബിൽ നം. 1/16-17 2,00,000രൂപ തി. 31.10.16 (എസ്.സി)

ബിൽ നം. 2/16-17 8,00,000രൂപ തി. 19.11.16

നിർവഹണം. ഹെഡ്മാസ്റ്റർ

എസ്.എസ്.എ പ്രോജക്ട് നിർവഹണത്തിനായി മേൽ രണ്ടു ബില്ലുകളിലായി പിൻവലിച്ച ആകെ 10,00,000 രൂപ എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. തുക തടസ്സത്തിൽ വെയ്ക്കുന്നു

## 3-16 ജൈവപച്ചക്കറി കൃഷി വ്യാപനം - അപാകതകൾ

പ്രൊജക്ട്. നം.- 220/17

നിർവ്വഹണം - കൃഷി ഓഫീസർ

ബിൽ നം - 2/16-17- 8.3.2017 40,800

ചെക്ക് നം. – 3441241/23.3.17 1,00,000

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ജൈവപച്ചക്കറി വ്യാപനം എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള 60 വനിതാ ഗ്രൂപ്പുകൾക്ക് പച്ചക്കറി വിത്തുകളും 1667 രൂപ വീതം കൂലിചെലവും നൽകിയിട്ടുണ്ട്.11.01.16 ലെ ജിഒ(എംഎസ്) 4/16 തസ്വഭവ പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ 3-1(6)ൽ പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡിയായി ഒരു ഹെക്ടറിന് 10000/ രൂപ നൽകാമെന്നും കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതികതുക നൽകാമെന്നുമാണ് പറഞ്ഞിരിക്കുന്നത്. മേൽ പറഞ്ഞിരിക്കുന്ന പദ്ധതിയിൽ 60 ഗ്രൂപ്പുകൾക്ക് കൂലി ചെലവ് സബ്സിഡി നൽകിയിരിക്കുന്നത് കൃഷിചെയ്ത സ്ഥലത്തിന് ആനുപാതികമായാണ് എന്ന് തെളിയിക്കുന്ന ഓരോ ഗ്രൂപ്പുകാരും കൃഷി ചെയ്ത സ്ഥലത്തിന്റെ അളവ്, നികുതി രശീത്, പാട്ടചീട്ട് അപേക്ഷ തുടങ്ങിയവ ഒന്നും ഫയലിനോടൊപ്പം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-17 കുടിവെള്ള വിതരണം - കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ മേഞ്ഞാണ്യം വില്ലേജിലെ വിവിധ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തിയതിന് കരാറുകാർക്ക് തുക നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | കരാറുകാരൻ | ട്രിപ്പുകളുടെ എണ്ണം | നൽകിയ തുക |
|---|---|---|---|
| 1 | റിനീഷ്.കെ.കെ, കടുക്കാട്ടുമ്മൽ, | 162 (162x1669) | 2,70,378 |
| 2 | ലിബീഷ്.കെ, | 51 (51x1669)<br>154 (154x1699) | 85,119<br>2,61,646 |

| | | | |
|---|---|---|---|
| | ആകെ | | 6,17,143 |

കരാറുകാരനായ ശ്രീ. കെ.കെ.റിനീഷ് എന്നവർക്ക് (ചെക്ക് നം.218456 RCB 14.6.16) 2,70,378രൂപയും ശ്രീ.ലിബീഷ്. കെ എന്നവർക്ക് ആകെ 3,46,765 രൂപയും (ചെക്ക് നം.219285 RCB 23.5.16 85,119, ചെക്ക് നം.218492 RCB 25.6.16) ഉൾപ്പെടെ 6,17,143 രൂപ നൽകി.

തുക ചെലവഴിച്ചതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. കുടിവെള്ള ക്ഷാമം രൂക്ഷമായ മേഞ്ഞാണ്യം വില്ലേജിൽ കുടിവെള്ളം വിതരണം ചെയ്യുതിന് രണ്ടു കരാറുകാർക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ കാരറുകാരെ തെരഞ്ഞെടുക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കരാറുകാരനെ തെരഞ്ഞെടുത്തതു സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ഇല്ല.

2. കുടിവെള്ളം വിതരണം ചെയ്യ കരാറുകാർക്ക് ഒരു ട്രിപ്പിന് നൽകേണ്ട തുക നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. കരാറുകാരനായ ശ്രീ. കെ.കെ. റിനീഷ് എന്നവർക്ക് 4.5.16 മുതൽ 30.5.16 വരെ കുടിവെള്ളം വിതരണം ചെയ്യുതിന് ഒരു ട്രിപ്പിന് 1,669 രൂപ വീതമാണ് നൽകിയത്. എന്നാൽ ശ്രീ.ലിബീഷ്.കെ എന്നവർക്ക് 8.5.16 മുതൽ 29.5.16 വരെ 154 ട്രിപ്പ് കുടിവെള്ളം വിതരണം ചെയ്യുതിന് ഒരു ട്രിപ്പിന് 1,699 രൂപ വീതമാണ് നൽകിയത്. ഇയാൾക്ക് ഒരു ട്രിപ്പിന് 30 രൂപ വീതം അധികം നൽകിയതിനാൽ ഈ ഇനത്തിൽ 4,620 രൂപ കൂടുതലായി ചെലവഴിച്ചു.

3. ആദായനികുതി നിയമം 1961, വകുപ്പ് 194 (സി) പ്രകാരം കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. മേൽ വകുപ്പ് പ്രകാരം കരാറുകാരന് നൽകുന്ന തുകയുടെ 1% തുക കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതായിരുന്നു. പാൻകാർഡ് ഇല്ലാത്ത കരാറുകാരിൽ നിന്നും 20% തുക ആദായ നികുതിയായി ഈടാക്കണ്ടതാണ്. എന്നാൽ രണ്ടു കരാറുകാർക്കായി ആകെ 6,17,143 രൂപ നൽകിയെങ്കിലും ആദായനികുതി ഈടാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-18 മുൻകൂർ പണം നൽകിയിട്ടും മുഴുവൻ മരുന്നും ലഭ്യമാക്കിയില്ല

1.പ്രോജക്ട്.- 129/17 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നം.- 1/16-17/ 1,60,000 / 24.11.16

നിർവഹണം- മെഡിക്കൽ ഓഫീസർ

2.പ്രോജക്ട്.- 130/17 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നം.- 2/16-17 /1,60,000 /24.11.16

നിർവഹണം- മെഡിക്കൽ ഓഫീസർ

ക്രമ നമ്പർ 1 ലെ പ്രോജക്ട പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 1,60,000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് (ഇൻവോയ്സ് PF.331/1.11.16) നൽകി. എന്നാൽ 8.5.17 ലെ LF52 നമ്പർ ബിൽ പ്രകാരം 73,020 രൂപയുടെ മരുന്ന് മാത്രമെ സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 86,980 രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല.

ക്രമ നമ്പർ 2 ലെ പ്രോജക്ട് പ്രകാരം ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി 1,60,000 രൂപ (ഇൻവോയ്സ്. CP/N/2016-17 2.11.16) ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകി. എന്നാൽ ഇതുവരെ 1,27,702 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്.

ബാക്കി മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-19 ജലസേചന പദ്ധതികൾ -ഭാഗിക പ്രവർത്തനങ്ങൾ നടത്തുന്നു

നിർവ്വഹണം :അസി.എക്സി.എഞ്ചിനീയർ

എം. എസ് . 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 6.15(xiii)ഡി പ്രകാരം ഒരു കുടിവെള്ള പ്രൊജക്ട് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ

അവയെല്ലാം പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികളുടെ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്താതെയുള്ള പ്രൊജക്ടുകൾ പാടില്ലെന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രൊജക്ടായി ഏറ്റെടുക്കണമെന്നും മേൽ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ കുടിവെള്ള പ്രൊജക്ടുകൾ മേൽ നിർദ്ദേശം പാലിക്കാതെ ഭാഗികമായാണ് നിർവ്വഹിച്ചിരിക്കുന്നത്.വിശദാംശം താഴെ കൊടുക്കുന്നു.പ്രൊജക്ടുകൾ പ്രകാരം നിർവ്വഹിച്ചതൊഴിച്ചുള്ള മറ്റ് ഘടകങ്ങളെ സംബന്ധിച്ചും പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കും എന്നതു സംബന്ധിച്ചും യാതൊരു വിവരവും പ്രൊജക്ട് റിപ്പോർട്ടുകളിൽ ലഭ്യവുമല്ല. വർഷങ്ങളായുള്ള ആസൂത്രണ മാർഗ്ഗരേഖകളിൽ ഭാഗിക പ്രവർത്തനങ്ങൾ ഏറ്റെടുക്കരുതെന്ന നിർദ്ദേശം ഉണ്ടായിരിക്കെ മേല്പറഞ്ഞപ്രകാരം അപാകത വരുത്തിയതിന് വിശദീകരണം നല്കേണ്ടതും പ്രൊജക്ടുകൾ എപ്രകാരം പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കേണ്ടതുമാണ്.

| ക്രമ നം | പ്രൊജക്ട് | പൂർത്തിയാക്കിയ ഘടകം | ചെലവ് തുക |
|---|---|---|---|
| 1 | 89/17- പൈതൃമല കരിയിടത്ത് മീത്തൽ കുടിവെള്ള പദ്ധതി | കിണർ | 363084/- |
| 2 | 54/17-ആയടത്തിൽ പുളിയറ കടുക്കാട്ടുങ്ങൽ കുടിവെള്ള പദ്ധതി | പമ്പിംഗ് മെയിൻ | 214438/- |
| 3 | 286/17-കടുക്കാട് കുടിവെള്ള പദ്ധതി പമ്പിംഗ് മെയിൻ,മോട്ടോർ | ഇലക്ട്രിഫിക്കേഷൻ | 116332/- |
| 4 | 94/17-കണ്ടോത്ത് കുന്ന് കുടിവെള്ള പദ്ധതി | കിണർ | 469261/- |

## 3-20 റോഡുകൾ കോൺക്രീറ്റിംഗ് നടത്തുന്നത് അധികച്ചെലവ്

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ9പ്രൊജക്ടുകളുടെ കാര്യത്തിൽ (22,42,45,143,144,147,148,159,175 എന്നീ പ്രൊജക്ടുകൾ)റോഡ് നിർമ്മാണത്തിന്റെ /പുനരുദ്ധാരണത്തിന്റെ ഭാഗമായി റോഡ് കോൺക്രീറ്റിൽ നിർമ്മിച്ചിട്ടുണ്ട്. താഴെ പറയുന്ന അപാകതകൾ ഇവയുടെ നിർവ്വഹണത്തിൽ സംഭവിച്ചു കാണുന്നു.

1) 45/17 നമ്പർ പ്രൊജക്ടിന്റെ കാര്യത്തിൽ ഉയരത്തിലേക്ക് പോകുന്ന റോഡിലാണ് ചെലവേറിയ കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തിയിരിക്കുന്നത്. റോഡ് കോൺക്രീറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല.

2) 22,45 എന്നീ പ്രൊജക്ടുൾ പ്രകാരമുള്ള റോഡുകളുടെ കാര്യത്തിൽ 1:4:8 അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് PCC യും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റും ചെയ്തിട്ടുണ്ട്. റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നകാര്യത്തിൽ 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4 അനുപാതത്തിലുള്ളത് 7cmകനത്തിലുംമതിയെന്നിരിക്കെ,(ചീഫ്എഞ്ചിനീയറുടെ 18.9.15ലെഡി.ബി4/9099 /2015/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം ഇതിൽ പിന്നീട് വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്) ഈ രണ്ട് ഇനങ്ങളും 10cm കനത്തിലാണ് മേൽ പ്രൊജക്ടുകളുടെ കാര്യത്തിൽ ചെയ്തിരിക്കുന്നത്. ഇപ്രകാരം ചെയ്യേണ്ടതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമില്ല. ഇക്കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ്.

3) മറ്റ് റോഡുകൾ താഴ്ന്ന സ്ഥലങ്ങളിലൂടെ കടന്നു പോകുന്നതിനാലാണ് കോൺക്രീറ്റിംഗ് നടത്തിയതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.എന്നാൽ ആവശ്യമായ ഡ്രയിനേജ് സൗകര്യം നല്കാതെ ചെലവേറിയ കോൺക്രീറ്റിംഗ് നടത്തിയത് ശരിയല്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 3-21 ഇ ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില,വാറ്റ് എന്നിവ ലഭ്യമായിട്ടില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ 5 ലക്ഷത്തിൽപ്പരം രൂപ അടങ്കലുള്ള പത്തിലധികം പ്രവൃത്തികൾ ഇ ടെണ്ടർ നടത്തിയിട്ടുണ്ട് . മേൽ ടെണ്ടറുകളുടെ ടെണ്ടർ ഫോറം വില, വാറ്റിനത്തിലുള്ള തുക എന്നിവ നാളിതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ഇ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫോറം വിലയും, വാറ്റിനത്തിലുള്ള തുകയും ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത് .സമയബന്ധിതമായി ആവശ്യപ്പെടാത്തതിനാൽ മേൽ ടെണ്ടറുകളുടെ തുക മേൽ അക്കൗണ്ടിൽ കിടക്കുകയാണ് .തുക അടിയന്തിരമായി കൈപ്പറ്റേണ്ടതും, വാറ്റ് ഇനത്തിലുള്ളത് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2016 | 250000 | സാനിറ്ററി യൂണിറ്റ് | 250000 | -- |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2017 | 100000 | ജൈവച്ചകൃഷി വ്യാപനം | 100000 | -- |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2017 | 100000 | ഇടവിള കൃഷിവിത്ത് വിതരണം | 100000 | -- |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2017 | 800000 | ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് | 800000 | -- |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2017 | 3900000 | ചേർമല സാംബവ കോളനി വാസികളുടെ വീട് നിർമ്മാണം | 0 | 3900000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 2,17,500 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ആയടത്തിൽ ദിവാകരൻ | നരക്കമ്മൽ അംഗനവാടി പൂർത്തീകരണം | 21600509 | 100000 | ഇല്ല | 100000 |
| 2 | മൂസ ഒറ്റപിലാക്കുൽ | ലാസ്റ്റ്കല്ലോട് പയ്യൂർകണ്ടിനടപ്പാത | 21601302 | 80000 | ഇല്ല | 80000 |
| 3 | പ്രേമൻ കുന്നമ്മൽമീത്തൽ | അലാത്തോട്ടം കുടിവെള്ള പദ്ധതി | 21601412 | 37500 | ഇല്ല | 37500 |

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,71,39,303 രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെയുആർഡിഎഫ്സി മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മാണം | 2283/15 എൽഎസ്ജിഡി,തിയ്യതി. 25.7.15 | 32659637 | 15520334 | 870395 | 2966226 | 31789242 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10967422 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 10967422 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 10967422 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വിറ്റി ഷെയർ | 10000 |
| ആകെ | 10000 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4963 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-17 | 2013 | പി.പി.സുരേഷ് , സെക്രട്ടറി | 11605112137/ 30.03.17 |
| 2010-11 | 2-2 | 650 | പി.പി.സുരേഷ്, സെക്രട്ടറി | 11605112137/ 30.03.17 |
| 2010-11 | 2-4 | 2300 | പി.പി.സുരേഷ്, സെക്രട്ടറി | 11605112137/ 30.03.17 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമല്ല | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീര സംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124654646 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 119597687 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3292178 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 400000 | ശ്രീ.മനോജ്കുമാർ.കെ.ടി,അസി.സെക്രട്ടറി |
| 3-10 | 386578 | ശ്രീമതി.അഞ്ജന രവീന്ദ്രൻ, കൃഷി ഓഫീസർ |
| 3-11 | 160750 | ശ്രീ.അബ്ദുൾ ഖാദർ,ഹെഡ് മാസ്റ്റർ |
| 3-12 | 150000 | ശ്രീ.അബ്ദുൾ ഖാദർ,ഹെഡ് മാസ്റ്റർ |
| 3-13 | 434850 | ശ്രീ.അബ്ദുൾ ഖാദർ,ഹെഡ് മാസ്റ്റർ |
| 3-14 | 200000 | ശ്രീ.ഒ.മനോജ്,സെക്രട്ടറി |
| 3-15 | 560000 | ശ്രീ.മനോജ്കുമാർ.കെ.ടി,അസി. സെക്രട്ടറി. |
| 3-18 | 1000000 | ശ്രീ.അബ്ദുൾ ഖാദർ,ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-8

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കു ന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97, 97-98 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(1) തീ. 12.11.12 | 2 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(2) തീ. 12.11.12 | 1 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09 തീ. 05.04.2011 | 6 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09 തീ. 05.04.2011 | 3 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(5) തീ. 12.11.12 | 6 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(7) തീ. 12.11.12 | 2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി7-1383/10 തീ. 10.11.10 | 12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7-465/11 തീ. 04.02.12 | 13 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി7-2020/11 തീ. 13.2.12 | 22 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി7-1271/12 തീ. 05.09.12 | 7 |
| 2009-10, 10-11 | എൽ.എഫ്.കെ.കെ.ഡി. പി7-60/13 തീ. 22.07.2013 | 13 |

| | | |
|---|---|---|
| 2011-12, 12-13 | എൽ.എഫ്.കെ.കെ.ഡി. പി7-278/15 തീ. 12.03.15 | 7 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.1718/16 തീ. 31.10.16 | 13 |
| 2015 - 16 | കെ.എസ്.എ.കെ.കെ.ഡി.പി.4/1947/16 തീ. 31.10.16 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി 4/1485/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി- 03.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 4/1485 /2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in
Dated 03.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Perambra Grama Panchayat for the year ended on 31-3-2017 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Perambra Grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.